## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5642     02.07.2014-ലെ മറുപടിക്ക്**

**സ്വാശ്രയ മെഡിക്കൽ കോഴ്സ് മേൽനോട്ട കമ്മിറ്റി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് മേൽനോട്ടം വഹിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ ആരൊക്കെയാണ് കമ്മിറ്റിയിലെ അംഗങ്ങളെന്ന് അറിയിക്കുമോ; | ബി) ജസ്റ്റിസ് ജെ.എം. ജയിംസ് -- ചെയർമാൻ<br>ഡോ. കെ.എം. എബ്രഹാം ഐ.എ.എസ് - അഡീഷണൽ ചീഫ് സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ്<br>ഡോ. കെ. ഇളങ്കോവൻ ഐ.എ.എസ് , സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്<br>ശ്രീ. സി.പി. രാമരാജപ്രേമപ്രസാദ് സെക്രട്ടറി, നിയമവകുപ്പ്<br>ശ്രീ. ബി.എസ്. മാവോജി, പ്രവേശന പരീക്ഷാ കമ്മിഷണർ<br>(എക്സ്-ഒഫീഷ്യോ അംഗങ്ങൾ)<br>ഡോ. കെ. അനിരുദ്ധൻ, എസ്.എസി .എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാഭ്യാസ വിദഗ്ധൻ എന്നിവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ |
| സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് കമ്മിറ്റി ചെയ്തു വരുന്നത്; | സി) സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഫീസ് നിർണ്ണയവും പ്രവേശനമേൽനോട്ടവുമാണ് സമിതിയുടെ പ്രധാന ചുമതല |

| | |
|---|---|
| ഡി) നിയമാനുസൃതമല്ലാത്ത പ്രവർത്തനം നടത്തുന്ന മാനേജ്മെന്റുകൾക്കെതിരെ കമ്മിറ്റിക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ | ഡി) ബഹു. സുപ്രീംകോടതിയും കേരളാ ഹൈക്കോടതിയും പ്രസ്താവിച്ചിട്ടുള്ള വിധി ന്യായങ്ങൾക്കും 2006ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രവേശനം സുതാര്യവും ചൂഷണരഹിതവും മെറിറ്റ് അടിസ്ഥാനത്തിലുള്ളതുമാണ് എന്ന് ഉറപ്പു വരുത്താൻ വേണ്ടിയാണ് പ്രവേശന മേൽനോട്ട സമിതി പ്രവർത്തിച്ചു വരുന്നത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്കു മേൽ പിഴയീടാക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുക, മെറിറ്റിലല്ലാതെ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവശനം റദ്ദാക്കുക, പ്രസ്തുത വിദ്യാർത്ഥികളെ ഡീ ബാർ ചെയ്യുക, പരീക്ഷാഫലം റദ്ദാക്കുക, കോളേജുകളുടെ അഫിലിയേഷൻ, അംഗീകാരം എന്നിവ റദ്ദാക്കാൻ സർവ്വകലാശാലയോട് ശുപാർശ ചെയ്യുക, സ്വാശ്രയ കോളേജുകളുടെ ഓരോ പ്രവേശന ഘട്ടങ്ങളിലും കമ്മിറ്റിയുടെ മുൻകൂർ അനുവാദം വാങ്ങുന്നു എന്നും അപ്രകാരം പ്രവർത്തിക്കുന്നു എന്നും ഉറപ്പാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാൻ പ്രവേശന മേൽനോട്ട സമിതിക്ക് അധികാര മുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന നിശ്ചയിക്കാനും കമ്മിറ്റിക്ക് അധികാരമുണ്ട്. സ്വാശ്രയ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് പ്രോസ്പെക്ടസ് അംഗീകരിക്കുന്നതും സമിതിയുടെ ചുമതലയിൽപ്പെട്ടതാണ്. |

*സെക്ഷൻ ഓഫീസർ*